"മാതൃഭാഷ- മലയാളം"

# കേരള സർക്കാർ

ധനകാര്യ (എസ് എഫ് സി -ബി ) വകുപ്പ്

**സർക്കുലർ നമ്പർ 65/2019/ധന    തീയതി : 05/07/2019**

വിഷയം: സാമൂഹ്യ ക്ഷേമ പെൻഷൻ ഗുണഭോക്താക്കളുടെ/അപേക്ഷകരുടെ ഭൗതിക സാഹചര്യങ്ങളുടെ പരിശോധന- സ്പഷ്ടീകരണം നൽകുന്നത് സംബന്ധിച്ച്.

സൂചന : 1. 06.11.2017 തീയതിയിലെ സ.ഉ(എം.എസ്) 483/2017/ധന ഉത്തരവ്.
2. 13.06.2019 തീയതിയിലെ PAN/7189/2019/DBT(2)DP നമ്പർ കത്ത്.

സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷകരുടെ ഭൗതിക സാഹചര്യങ്ങൾ വിലയിരുത്തി ക്ഷേമ പെൻഷനുകൾ അനുവദിക്കണമെന്ന സൂചന ഒന്ന് സർക്കാർ ഉത്തരവിലെ വ്യവസ്ഥയിന്മേൽ കൂടുതൽ സ്പഷ്ടീകരണം നല്കണമെന്ന് സൂചന രണ്ട് പ്രകാരം പഞ്ചായത്ത് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്. സർക്കാർ ഇക്കാര്യം പരിശോധിക്കുകയും ക്ഷേമ പെൻഷൻ ഗുണഭോക്താവിന്റെ/ അപേക്ഷകന്റെ ഭൗതിക സാഹചര്യങ്ങൾ വിലയിരുത്തി ക്ഷേമപെൻഷൻ അനുവദിക്കുന്നതിലേക്കായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ചുവടെ ചേർത്തിരിക്കുന്ന വസ്തുതകൾ പരിശോധിക്കേണ്ടതാണെന്ന് സ്പഷ്ടീകരണം നൽകുന്നു.

1. അപേകഷൻ താമസിക്കുന്ന വീടിന്റെ വലിപ്പം
2. താമസിക്കുന്ന വീട് കോൺക്രീറ്റ് മേൽക്കൂരയോട് കൂടിയതും ആധുനിക രീതിയിൽ ഫ്ലോറിങ് ചെയ്തതുമാണോ എന്ന്
3. കുടുംബത്തിലെ അംഗങ്ങളുടെ ജോലിയും വരുമാനവും
4. കുടുംബാംഗങ്ങളുടെ കൈവശമുള്ള ഭൂമി
5. വീട്ടിൽ ആധുനിക വീട്ടുപകരണങ്ങളായ എയർ കണ്ടീഷണർ, വാഷിംഗ് മെഷീൻ, എൽ.ഇ.ഡി ടെലിവിഷൻ മുതലായവ ഉപയോഗിക്കുന്നുണ്ടോ എന്ന്
6. കുടുംബാംഗങ്ങൾ എ.സി വാഹനം ഉപയോഗിക്കുന്നവരാണോ എന്ന്
7. കുടുംബാംഗങ്ങളുടെ ജീവിത നിലവാരം, സമൂഹത്തിലെ അവരുടെ സ്ഥാനം മുതലായ

2. സാമൂഹ്യ ക്ഷേമ പെൻഷൻ അനുവദിക്കുന്നതിനു മുമ്പ് മേൽ വസ്തുതകൾ സസൂക്ഷ്മം പരിശോധിക്കേണ്ടതും അനർഹർക്ക് സാമൂഹ്യ ക്ഷേമ പെൻഷൻ ലഭിക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

**പ്രതീപ് കുമാർ.ബി**
ജോയിന്റ് സെക്രട്ടറി (ധനകാര്യ വകുപ്പ്)

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ& ആർ.എസ്.എ), കേരള, തിരുവനന്തപുരം
അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും ലഭ്യമാക്കേണ്ടതാണ്)
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (എല്ലാ നഗരസഭകൾക്കും ലഭ്യമാക്കേണ്ടതാണ്)
എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
എല്ലാ നഗരസഭകൾക്കും (നഗരകാര്യ ഡയറക്ടർ മുഖാന്തിരം)
മാനേജിംഗ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്.
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
ബിൽ/കരുതൽ ഫയൽ/ഓഫീസ് പകർപ്പ് (1140098)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ